TB Movie Club Weekly Review **#MovieClub**

Journey of Love 18+

എഴുതിയത് : Sankar E N

കഴിഞ്ഞ വർഷത്തെ ഹിറ്റ് സിനിമകളിൽ ഒന്നായ ജോ ആൻഡ് ജോ ടീമിന്റെ പുതിയ സിനിമയായ 18+ ജേർണി ഓഫ് ലൗ നമ്മൾ എന്ത് പ്രതീക്ഷിച്ചുകൊണ്ട് തീയേറ്റർ പോവുന്നത് അത് ഇരട്ടിയായി തിരിച്ചു നൽകുന്ന ഒന്നായി അനുഭവപെട്ടു. അരുൺ ഡി ജോസ് സംവിധാനം ചെയ്ത സിനിമയിൽ അദ്ദേഹത്തിൻ്റെ കൂടെ രവീഷ് നാഥും രാജേഷും കൂടിയാണ് എഴുതിയിരിക്കുന്നത്. മനുഷ്യരെ മനുഷ്യരായി കാണുന്ന മനുഷ്യർക്കു നന്ദി സമർപിച്ചു കൊണ്ടാണ് ടൈറ്റിൽ കാർഡ് ആരംഭിക്കുന്നത്.
2009-10 കാലഘട്ടത്തിൽ കണ്ണൂർ ഭാഗത്ത് നടക്കുന്ന കഥയായാണ് സിനിമ കാണിക്കുന്നത്.. പക്ഷേ സംഭാഷണങ്ങൾ പൂർണ്ണമായും കണ്ണൂർ ശൈലിയായി തോന്നിയില്ല, ആസ്വാദനത്തിന് വേണ്ടി കൂടുതൽ ആളുകൾക്ക് സൗകര്യപ്രദമായ ഭാഷയിലേക്ക് അവ മാറ്റിയട്ടുണ്ട്. കുട്ടിക്കാലത്ത് ബാലസംഘം മുതൽ ഒരുമിച്ച് പ്രവർത്തിക്കുന്ന രണ്ട് അയൽവാസികളും അവരുടെ പ്രണയവും ഒളിച്ചോട്ടവും തുടർന്നുണ്ടാവുന്ന സംഭവങ്ങളും ഒക്കെയാണ് ഹാസ്യ രൂപത്തിൽ സിനിമയിൽ പറയുന്നത്.. ആദ്യാവസാനം പ്രേക്ഷകരെ ചിരിപ്പിക്കാൻ സിനിമക്ക് സാധിച്ചിട്ടുണ്ട്. നസ്ലെൻ നായകൻ ആകുന്ന സിനിമയിൽ മാത്യു തോമസിന് തികച്ചും വ്യത്യസ്തമായ ഒരു വേഷമായിരുന്നു സംവിധായകൻ നൽകിയത്. ബിനു പപ്പുവിന്റേത് അദ്ദേഹത്തിന്റെ കരിയറിലെ മികച്ച ഒരു ഹാസ്യകഥാപാത്രമായിരുന്നു.നായകൻ്റെ ഫ്രണ്ട്സായി വന്ന പുതു മുഖങ്ങളായ രണ്ട് പേരും നല്ല രീതിയിൽ തന്നെ ചിരിപ്പിച്ചു. നിഖില വിമൽ, രാജേഷ് മാധവൻ തുടങ്ങി അഭിനയിച്ചവരെല്ലാം ചിരിപ്പിക്കുന്ന കാര്യത്തിൽ മത്സരിച്ചു... എന്നെ പോലെ എൻ്റെ ഉയർന്ന ജാതിയിൽ പെട്ടത് എന്ന മൂഢ സ്വർഗ്ഗത്തിൽ ജീവിക്കുന്നവർക്ക്, അല്ലെങ്കിൽ ചിന്തിക്കുന്നവർക്ക് ഒരു തട്ടും തട്ടിയാണ് സിനിമ അവസാനിപ്പിക്കുന്നത്.

ചിരിക്കുക രസിക്കുക എന്നതാണ് നിങ്ങളുടെ ലക്ഷ്യം എങ്കിൽ ധൈര്യമായി ടിക്കറ്റ് എടുക്കാവുന്ന സിനിമയാണിത്. എല്ലാവരും തീയേറ്ററിൽ നിന്ന് തന്നെ കാണാൻ ശ്രമിക്കുക.